## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ :*355 21.06.2019-ൽ മറുപടിക്ക്

### ഭക്ഷ്യസംസ്കരണ മൂല്യവർദ്ധിതോല്പന്നനിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.എം.രാജഗോപാലൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യസംസ്കരണ മൂല്യവർദ്ധിതോല്പന്ന നിർമ്മാണരംഗത്തെ വൻ പദ്ധതിയായ കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള പാലക്കാട് മെഗാ ഫുഡ് പാർക്ക് പ്രവർത്തനസജ്ജമായിട്ടുണ്ടോ; | എ) കിൻഫ്ര സ്ഥാപിച്ച പാലക്കാട് മെഗാഫുഡ് പാർക്ക് പ്രവർത്തന സജ്ജമായിട്ടുണ്ട്. പ്രസ്തുത പാർക്കിൽ ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യുതി, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജലം, പ്ലോട്ടുകൾ എന്നിവ പൂർത്തീകരിച്ചുണ്ട്. വ്യവസായം ആരംഭിക്കുന്നതിനുള്ള ഏകജാലക സംവിധാനവും പ്രസ്തുത പാർക്കിൽ സജ്ജമാണ്. അലോട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) കാർഷികോല്പന്നങ്ങൾ ഏറെക്കാലം സൂക്ഷിച്ചുവയ്ക്കാൻ കഴിയാത്തതിനാൽ വിളവെടുപ്പുകാലത്ത് ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകുന്ന കർഷകർക്ക് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ; | ബി) ക്രിൻഫ്രയുടെ ഉടമസ്ഥതയിലുള്ള പാലക്കാട് മെഗാഫുഡ് പാർക്കിൽ കാർഷിക ഭക്ഷ്യ സംസ്കരണ ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ ശീതീകരിച്ച സംഭരണ കേന്ദ്രം, പാക്ക് ഹൗസ്, റൈപ്പനിംഗ് ചേമ്പർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമായിക്കിയിട്ടുണ്ട്. ഇതുവഴി കാർഷിക ഭക്ഷ്യസംസ്കരണ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. |

| | |
|---|---|
| സി) അരി മൂല്യവർദ്ധിതോല്പന്നമാക്കി മാറ്റി നെൽ കർഷകരെ സംരക്ഷിക്കുവാൻ ഉദ്ദേശിച്ചുള്ള ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | സി) കാർഷിക മേഖലയിലെ മൂല്യവർദ്ധന ലക്ഷ്യമാക്കി നെൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന്റെ ഭാഗമായി പാലക്കാട് കിൻഫ്ര മെഗാഫുഡ് പാർക്കിൽ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ KITCO-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) വയനാട്ടിലെ കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്ക് പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ്; പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | ഡി) വയനാട് ജില്ലയിലെ കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്കിന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്. പദ്ധതി സ്ഥാപിക്കുന്നതിന് പ്രോജക്ട റിപ്പോർട്ട് തയ്യാറാക്കാൻ mByom എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**